**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **09-10-2024 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കരയിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര മണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള എറണാകുളം ജില്ലയിലെ വിവിധ മേഖലകളിൽ ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് വേണ്ടി അമ്മനത്ത് പള്ളത്ത് സ്ഥാപിക്കുന്ന ക്രോസ് റെഗുലേറ്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അമ്മനത്ത് പള്ളത്ത് ക്രോസ് റെഗുലേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി യ്ക്ക് നല്കിയിട്ടുണ്ട്. ഡിസൈൻ & ഡ്രോയിംഗ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | തൃക്കാക്കര മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെയുള്ള സമീപപ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 190 എം.എൽ.ഡി. (മില്ല്യൺസ് ഓഫ് ലിറ്റർ പെർ ഡേ) ജലശുദ്ധീകരണശാല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ? | (ബി) | എ.ഡി.ബി അസിസ്റ്റഡ് കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (കെ യു ഡബ്ല്യു എസ് ഐ പി) കൊച്ചി, തിരുവനന്തപുരം എന്നീ രണ്ട് നഗരങ്ങളിൽ 24 x 7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കൊച്ചി നഗരത്തിലെ ജലലഭ്യത ഉറപ്പ് വരുത്തുവാനായി ആലുവയിൽ 190 എംഎൽഡി ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും അടങ്ങുന്ന പ്രവർത്തിയുടെ ടെണ്ടറും, കൺസൾട്ടൻസിയെ തിരഞ്ഞെടുക്കാനുള്ള ടെണ്ടറും ഇപ്പോൾ കേരള സർക്കാരിന്റെ പരിഗണയിലാണ്. ഇവ അംഗീകരിച്ചാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB യുമായിട്ടുള്ള വായ്പ കരാറിൽ ഏർപ്പെടാൻ കഴിയുകയുള്ളൂ.<br><br>തൃക്കാക്കര മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെയുള്ള സമീപ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്ത 190 MLD ജല ശുദ്ധീകരണശാലയുടെ പ്രവൃത്തിയുടെ Detailed Project Report (DPR) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ